**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1713** | | **04.12.2018-ൽ മറുപടിയ്ക്ക്** | |
|---|---|---|---|
| **കെട്ടിക്കിടക്കുന്ന പെൻഷൻ അപേക്ഷകളിൽ നടപടി** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.കെ.എം.ഷാജി**<br>**,, പി.ഉബൈദുള്ള**<br>**,, പാറക്കൽ അബ്ദുല്ല** | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മൂന്നര ലക്ഷത്തോളം അപേക്ഷകൾ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിനുവേണ്ടി കെട്ടിക്കിടക്കുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിനായി ധാരാളം അപേക്ഷകൾ ലഭിക്കുന്നുണ്ട്. അവയുടെ പരിശോധന പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | ഇവരുടെ അപേക്ഷകൾ എന്നത്തേക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ; | (ബി) യും (സി) യും | സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ സർക്കാർ പുതുക്കി നിശ്ചയിച്ച അർഹതാ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി പുനപരിശോധന നടത്തി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകളിൽ പുനപരിശോധന നടത്തി പെൻഷൻ അനുവദിച്ചിട്ടുള്ള അപേക്ഷകൾ പ്രാദേശിക സർക്കാരുകൾക്ക് രേഖപ്പെടുത്തുന്നതിന് സേവന പെൻഷൻ വെബ്സൈറ്റ് വികലാംഗ പെൻഷനുകൾക്ക് 2018 ഏപ്രിൽ മാസം മുതലും മറ്റുള്ള പെൻഷനുകൾക്ക് 2018 ജൂലൈ മാസം മുതലും തുറന്ന് നൽകിയിട്ടുണ്ട്. നിലവിൽ പെൻഷൻ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് തടസ്സങ്ങൾ ഒന്നും തന്നെയില്ല. |
| (സി) | ഇതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ